"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- 2024-25ലെ പാഠപുസ്തക അച്ചടി കൂലിയുടെ നിരക്ക് തന്നെ 2025-26 അധ്യയനവർഷവും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.5264/2026/GEDN തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.143/2004/പൊ.വി.വ തീയതി 27.05.2004
2. സ.ഉ.(സാധാ) നം.5267/2009/പൊ.വി.വ തീയതി 15.12.2009
3. സ.ഉ.(കൈ) നം. 281/2015/പൊ.വി.വ തീയതി 05.11.2015
4. സ.ഉ.(കൈ) നം.84/2016/പൊ.വി.വ തീയതി 20.05.2016
5. സ.ഉ.(സാധാ) നം. 3450/2024/പൊ.വി.വ തീയതി 01.06.2024
6. സ.ഉ.(സാധാ) നം.3065/2025/പൊ.വി.വ തീയതി 03.05.2025
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.05.2026 തീയതിയിലെ ടിബിഐ/288/2024-എ1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടിയുടെയും വിതരണത്തിന്റെയും ചുമതല കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (2), (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ പാഠപുസ്തക അച്ചടിയുടെ നിരക്ക് പരാമർശം (1) പ്രകാരമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പരാമർശം (4) പ്രകാരം, നിബന്ധനയ്ക്ക് വിധേയമായി 2016-17 അധ്യയന വർഷത്തിൽ പരാമർശം (1) പ്രകാരമുള്ള അച്ചടി നിരക്കിൽ 35% വർധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും 2024-25 അധ്യയന വർഷം വരെയും പാഠപുസ്തക അച്ചടിയുടെ നിരക്കിൽ 35% വർധനവ് സഞ്ചിതഫലത്തോടെയല്ലാതെ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2024-25 അധ്യയന വർഷം പരാമർശം (6) പ്രകാരമാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(2).പാഠപുസ്തക അച്ചടിക്കൂലി നിരക്ക് വർദ്ധനവ് നൽകുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ നൽകിയിരുന്നതുപോലെ 2025-26 അധ്യയന വർഷത്തിലും പാഠപുസ്തക അച്ചടിയുടെ നിരക്കിൽ 35% വർധനവ് സഞ്ചിതഫലത്തോടെയല്ലാതെ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (7) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 അധ്യയന വർഷവും പാഠപുസ്തക അച്ചടിയുടെയും വിതരണത്തിന്റെയും ചുമതല കേരള ബുക്ക്സ് & പബ്ലിക്കേഷൻസ്

സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2024-25 ലെ പാഠപുസ്തക അച്ചടി കൂലിയുടെ നിരക്ക് തന്നെ 2025-26 അധ്യയനവർഷവും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി
പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, തിരുവനന്തപുരം
ധനകാര്യവകുപ്പ്(29.07.2026 തീയതിയിലെ E:3534091/EDN-B3/117/2026-FIN നമ്പർ അഭിപ്രായപ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sajitha V
Date: 05-08-2026
10:25:34
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്